# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകളിൽപ്പെട്ട കർഷകരായ ആദിവാസികളുടെ കാർഷിക വിളകൾ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് മെക്ര (ഇലക്ട്രിക് ഫെൻസിംഗ്) സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ)നം. 2395/2013/തസ്വഭവ     തിരുവനന്തപുരം, തീയതി : 27.09.2013.

---

പരാമർശം:- 25.09.2013-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ 3.26(1)-ാം നമ്പർ തീരുമാനം

## ഉത്തരവ്

അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകളിലെ കർഷകരായ ആദിവാസികളുടെ കാർഷിക വിളകളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് മെക്ര (ഇലക്ട്രിക് ഫെൻസിംഗ്) സ്ഥാപിക്കാനുള്ള പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം നൽകുന്നില്ല എന്നും പദ്ധതിയ്ക്ക് അനുമതി നൽകാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന ആവശ്യവും അട്ടപ്പാടിയിൽ നടന്ന ജനസഭയിൽ ഉയർന്ന് വന്നിരുന്നു.

ഈ വിഷയം 25.09.2013-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗം പരിശോധിയ്ക്കുകയും പദ്ധതിയ്ക്ക് അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകളിലെ കർഷകരായ ആദിവാസികളുടെ കാർഷിക വിളകളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് മെക്ര (ഇലക്ട്രിക് ഫെൻസിംഗ്) സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് മുഖാന്തിരം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ആസൂത്രണ സമിതി, കളക്ടറേറ്റ്, പാലക്കാട്
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ